# മഹാത്മാഗാന്ധി സർവ്വകലാശാല

(സംഗ്രഹം)

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ എം.ഫിൽ എൻവയോൺമെന്റ് മാനേജ്മെന്റ് ബിരുദത്തിന് എം.ഫിൽ സുവോളജി ബിരുദവുമായി തുല്യത അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

അക്കാദമിക് എ5 വിഭാഗം

സ.ഉ.നം. 6752/എ5/1/തുല്യത/2017/അക്കാദമിക് പി.ഡി.ഹിൽസ്, തീയതി: 15.11.2017

---

സൂചന:- 1) ശ്രീമതി സോണിയ ജേക്കബ്, ശ്രീമതി ട്രീസ നിമി കെ.എ. എന്നിവർ യഥാക്രമം 27.06.2016, 29.06.2016 എന്നീ തീയതികളിൽ സമർപ്പിച്ച അപേക്ഷ.

2) ചെയർമാൻ, ബോർഡ് ഓഫ് സ്റ്റഡീസ്, സുവോളജി (പി.ജി.)യുടെ അഭിപ്രായം, തീയതി, 14.03.2017

3) ഡീൻ, ഫാക്കൽറ്റി ഓഫ് സയൻസ്-ന്റെ അഭിപ്രായം, തീയതി, 10.04.2017

4) 14.08.2017-ന് കൂടിയ പ്രത്യേക അക്കാദമിക് കൗൺസിൽ യോഗം മിനുട്സ് ഇനം. നം.46/AC.17/17230

5) 23.10.2017-ന് കൂടിയ അക്കാദമിക് കൗൺസിലിന്റെ സ്റ്റാന്റിംഗ് കമ്മിറ്റി യോഗം മിനിട്സ് ഇനം നം. 06.

## <u>ഉത്തരവ്</u>

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസിൽ നിന്നും എം.ഫിൽ എൻവയോൺമെന്റ് മാനേജ്മെന്റ് ബിരുദം നേടിയ ട്രീസ നിമി കെ.എ., സോണിയ ജേക്കബ് എന്നിവർ പ്രസ്തുത ബിരുദത്തിന് എം.ഫിൽ സുവോളജി ബിരുദവുമായി തുല്യത ആവശ്യപ്പെട്ട് സൂചന (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

സൂചന (2) ലെ ബോർഡ് ഓഫ് സ്റ്റഡീസ്, സുവോളജി (പി.ജി.) ചെയർമാന്റെ അഭിപ്രായത്തിൽ, അപേക്ഷകർ നേടിയ എം.ഫിൽ എൻവയോൺമെന്റ് മാനേജ്മെന്റ് ബിരുദം സുവോളജിയുമായി ബന്ധപ്പെട്ടിരിക്കുന്നു. അപേക്ഷകരുടെ പ്രബന്ധങ്ങൾ പരിശോധിച്ചതിൽ നിന്നും ആയത് സുവോളജിയുടെ കീഴിൽ വരുന്ന പഠനങ്ങളാണെന്ന് കാണുന്നു. മേൽകാരണങ്ങളാൽ അപേക്ഷകർ എം.എസ്.സി. സുവോളജി ബിരുദധാരികളാണെങ്കിൽ തുല്യത അനുവദിക്കാമെന്ന് ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാൻ ശിപാർശ ചെയ്തു.

ഡീൻ, ഫാക്കൽറ്റി ഓഫ് സയൻസ്, ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാന്റെ അഭിപ്രായത്തോട് യോജിച്ചുകൊണ്ട് അപേക്ഷകർ ഇരുവരും എം.എസ്.സി. സുവോളജി ബിരുദധാരികളാണെങ്കിൽ തുല്യത നൽകാമെന്ന് സൂചന (3) പ്രകാരം ശിപാർശ ചെയ്തു.

(മറുപുറം)

അപേക്ഷകർ രണ്ടുപേരും എം.എസ്.സി. സുവോളജി ബിരുദം നേടിയിട്ടുണ്ട്. അതിനാൽ അപേക്ഷകർ നേടിയ എം.ഫിൽ എൻവയോൺമെന്റ് മാനേജ്മെന്റ് ബിരുദത്തിന് എം.ഫിൽ സുവോളജി ബിരുദവുമായി തുല്യത നൽകുന്നത് സംബന്ധിച്ച വിഷയം ബഹു: വൈസ് ചാൻസലറുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അക്കാദമിക് കൗൺസിലിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചു.

അക്കാദമിക് കൗൺസിൽ യോഗം സൂചന (4) പ്രകാരം ട്രീസാ നിമി കെ.എ., സോണിയ ജേക്കബ് എന്നിവർ നേടിയ എം.ഫിൽ എൻവയോൺമെന്റ് മാനേജ്മെന്റ് ബിരുദത്തിന്, എം.ഫിൽ സുവോളജി ബിരുദവുമായി തുല്യത നൽകുന്ന വിഷയം അക്കാദമിക് കൗൺസിലിന്റെ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പരിഗണനയ്ക്കും ശിപാർശകൾക്കുമായി സമർപ്പിച്ചു.

അക്കാദമിക് കൗൺസിലിന്റെ സ്റ്റാന്റിംഗ് കമ്മിറ്റി യോഗം സൂചന (5) പ്രകാരം, മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നിന്നും ശ്രീമതി ട്രീസാ നിമി കെ.എ., ശ്രീമതി സോണിയ ജേക്കബ് എന്നിവർ നേടിയ എം.ഫിൽ എൻവയോൺമെന്റ് മാനേജ്മെന്റ് ബിരുദത്തിന് എം.ഫിൽ സുവോളജി ബിരുദവുമായി തുല്യത നൽകുന്നതിന് ശിപാർശ ചെയ്തു.

അക്കാദമിക് കൗൺസിലിന്റെ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മേൽ ശിപാർശ, മഹാത്മാഗാന്ധി സർവ്വകലാശാല നിയമം 1985, അദ്ധ്യായം 3, ഛേദം 10(17) പ്രകാരമുള്ള അധികാരമുപയോഗിച്ച് ബഹു: വൈസ് ചാൻസലർ അംഗീകരിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
ദിലീപ് കുമാർ ആർ
അസിസ്റ്റന്റ് രജിസ്ട്രാർ III (അക്കാദമിക്)
രജിസ്ട്രാർക്കുവേണ്ടി

പകർപ്പ്

1. ശ്രീമതി ട്രീസാ നിമി കെ.എ., ശ്രീമതി സോണിയ ജേക്കബ്
2. വൈസ് ചാൻസലറുടെ /പ്രൊ വൈസ് ചാൻസലറുടെ പി.എസ്
3. രജിസ്ട്രാറുടെ പി.എ.
4. എ.ആർ III/ഡി. ആർ II/ജെ. ആർ. II (അക്കാദമിക്)
5. എ.സി.ഡി. /എസി.സി
6. കണ്ടന്റ് മാനേജ്മെന്റ് വിഭാഗം/ഐ ക്യൂ എ.സി.
7. കരുതൽ ഫയൽ/ഫയൽ പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ഫയൽ നം. Ac.AV/1/9599/2016